3498
11/8/21

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിലെ നടുവട്ടം മണ്ടോടി പറമ്പ് 'സ്പ്രിംഗ്സ്' വീട്ടിൽ ശ്രീ. അബ്ദുൾ അസീസിന്റെ വീടിന് പാചകവാതക സിലിണ്ടർ പൊട്ടിത്തെറിച്ചുണ്ടായ നാശനഷ്ടത്തിന് നഷ്ടപരിഹാരമായി നാല് ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (ഡി. ആർ. എഫ്. - എ.) വകുപ്പ്**

**G.O.(Rt)No.1165/2021/RD** തീയതി,തിരുവനന്തപുരം, 25/02/2021

---

പരാമർശം:- 1 08/02/2020 ലെ 48/2020/റവ. നമ്പർ ഉത്തരവ്.

2 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി ഡോക്കറ്റ് നമ്പർ D200206015 പ്രകാരമുള്ള ശ്രീ. അബ്ദുൾ അസീസിന്റെ അപേക്ഷ.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിലെ നടുവട്ടം മണ്ടോടി പറമ്പ് 'സ്പ്രിംഗ്സ്' വീട്ടിൽ ശ്രീ. അബ്ദുൾ അസീസിന്റെ വീടിന് 23/01/2020 ൽ പാചകവാതക സിലിണ്ടർ പൊട്ടിത്തെറിച്ചുണ്ടായ തീപിടിത്തത്തിൽ വീട് , വീട്ടുപകരണങ്ങൾ, ഇലക്ട്രിക് വയറിംഗുകൾ എന്നിവ കത്തിനശിച്ചുവെന്നും, പ്രസ്തുത നാശനഷ്ടത്തിന് നഷ്ട പരിഹാരം അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (2) പ്രകാരം ശ്രീ. അബ്ദുൾ അസീസ് അപേക്ഷ നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പ്രസ്തുത തീപിടിത്തത്തിൽ 75% നാശനഷ്ടം സംഭവിച്ചതിനാൽ അപേക്ഷകന് പരാമർശം (1) ഉത്തരവ് പ്രകാരം 400000/- രൂ.(നാല് ലക്ഷം രൂപ) അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക (നാല് ലക്ഷം രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. ഇക്കാര്യത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ അടിയന്തര നടപടി സ്വീകരിക്കേണ്ടതും, തുക വിതരണം ചെയ്ത വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SANTHOSH KUMAR T K**
**JOINT SECRETARY**

ജില്ലാ കളക്ടർ, കോഴിക്കോട്

ശ്രീ. അബ്ദുൾ അസീസ്, സ്പ്രിംഗ്സ്, മണ്ടോടി പറമ്പ്, നടുവട്ടം, നോർത്ത് ബേപ്പൂർ പി. ഒ., കോഴിക്കോട്.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ബഹു. മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ